# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 77 — 28 – 10–2019–ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം
ശ്രീ.പി.സി. ജോർജ്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുവാൻ ആവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം ആവശ്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം പാസാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ സർക്കാർ അനുവദിക്കുകയും തുടർന്ന് ഓപ്പൺ നോട്ടിഫിക്കേഷനിലൂടെ അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ലൊക്കേഷനിലേയും അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായുള്ള സംരംഭകനെ / സംരംഭകയെ തെരഞ്ഞെടുക്കുകയുമാണ് നിലവിൽ ചെയ്യുന്നത്. |
| (ബി) | അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്ക് ഏകീകൃത ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ 09/05/2018 തീയതിയിലെ സ.ഉ(അച്ചടി)നം.3/2018/വിസവ, 20/08/2018 തീയതിയിലെ സ.ഉ(എം.എസ്)നം 21/2018/വിസവ എന്നീ ഉത്തരവുകൾ പ്രകാരം ഏകീകരിച്ചിട്ടുണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ | (സി) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ അമിത ഫീസ് |

| | | | |
|---|---|---|---|
| | പൊതുജനങ്ങളോട് മോശമായി പെരുമാറുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | | ഈടാക്കുന്നത് സംബന്ധിച്ചും ജീവനക്കാർ പൊതുജനങ്ങളോട് മോശമായി പെരുമാറുന്നത് സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. സംരംഭകർക്ക് താക്കീത് നൽകുക, പിഴ ഈടാക്കുക, സംരംഭകത്വം റദ്ദാക്കുക മുതലായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ഡി) | അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ തെറ്റായ അറിവ് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് പരിഹാരം കാണുവാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) | ഇത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ